(സി) ആ അഭിപ്രായപ്രകാരം തുക നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്;

(ഡി) സിഡ്കോയുടെ അടുത്ത ഡയറക്ടർ ബോർഡ് യോഗത്തിനുമുമ്പ് സിഡ്കോ ഡയറക്ടർ ബോർഡ് അംഗങ്ങളായിട്ടുള്ള വകുപ്പുതലവൻമാരുടെ വകുപ്പുകൾ സിഡ്കോയ്ക്ക് നൽകുവാനുള്ള കുടിശ്ശിക തീർക്കുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) പിരിഞ്ഞ് കിട്ടാനുള്ള തുക ബോർഡ് യോഗത്തിൽ സമർപ്പിക്കാറുണ്ട്.

(ബി ആന്റ് സി) വകുപ്പുതിരിച്ച് പ്രത്യേകം ബോർഡിൽ സമർപ്പിക്കാറില്ല. ആയതിനാൽ വകുപ്പ് പ്രതിനിധികൾ അഭിപ്രായം നൽകേണ്ട സാഹചര്യം വന്നിട്ടില്ല.

(ഡി) പരിശോധിക്കുന്നതാണ്.

ഗവൺമെന്റ് വകുപ്പുകൾ സിഡ്കോയ്ക്ക് നൽകാനുള്ള കുടിശ്ശിക

19 [3026] ശ്രീ. തമ്പാനൂർ രവി:

,, എ. പി. അനിൽകുമാർ:

,, ജോർജ് ജെ. മാത്യു:

,, ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായ യൂണിറ്റുകളിൽ നിന്ന് ഫർണിച്ചർ ഏർപ്പാട് ചെയ്ത് സിഡ്കോ ഗവൺമെന്റ് വകുപ്പുകൾക്ക് വിതരണം ചെയ്യാറുണ്ടോ;

(ബി) 1991 മുതൽ ഇപ്രകാരം സാധനങ്ങൾ വിതരണം ചെയ്ത വകയിൽ ഗവൺമെന്റ് വകുപ്പുകൾ എന്തു തുക സിഡ്കോയ്ക്ക് കൊടുക്കാനുണ്ട്;

(സി) ഈ തുക കിട്ടാനുള്ള വിവരം ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ ;

(ഡി) സിഡ്കോയ്ക്ക് ഗവൺമെന്റ് വകുപ്പുകൾ നൽകാനുള്ള കുടിശ്ശിക തുക നൽകുവാൻ നിർദ്ദേശം കൊടുക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിവിധ വകുപ്പുകൾക്ക് സാധനങ്ങൾ വിതരണം ചെയ്ത വകയിൽ മൊത്തം 2,40,10,135 രൂപ സിഡ്കോയ്ക്ക് ലഭിക്കാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) അതാത് വകുപ്പുകളെ അറിയിച്ചിട്ടുണ്ട്.

(ഡി) പരിശോധിക്കുന്നതാണ്.

ചെറുകിട വ്യവസായങ്ങളും പാരമ്പര്യ കുടിൽ വ്യവസായങ്ങളും പ്രോൽസാഹിപ്പിക്കുവാൻ നടപടി

20 [3027] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുകിട വ്യവസായങ്ങളും പാരമ്പര്യ കുടിൽ വ്യവ സായങ്ങളും പ്രോൽസാഹിപ്പിക്കുന്നതിനും അവയുടെ വളർച്ചയ്ക്കും ആവശ്യമായ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിനും പാരമ്പര്യ കുടിൽ വ്യവസായങ്ങൾ വിപുലീകരിക്കുന്നതിനും ആവശ്യമായ വായ്പകളും മറ്റ് സാമ്പത്തിക സഹായങ്ങളും ലഭ്യമാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) വായ്പ നൽകുന്ന ഏജൻസികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) വായ്പ ലഭിക്കുന്ന നിബന്ധനകൾ എന്തെല്ലാമാണ്; ഏതെല്ലാം യൂണി റ്റുകൾക്കും പദ്ധതികൾക്കുമാണ് ഇപ്രകാരം വായ്പ നൽകിവരുന്നതെന്ന് വ്യക്ത മാക്കാമോ;

(ഇ) ഉൽപ്പന്നങ്ങൾ വിപണിയിൽ വിറ്റഴിക്കുന്നതിന് സർക്കാരിന്റെ ഏതെല്ലാം ഏജൻസികളാണ് സഹായം നൽകുന്നത്; എങ്കിൽ എപ്രകാരം എന്ന് വ്യക്തമാ ക്കാമോ;

(എഫ്) ഇത്തരം വ്യവസായങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിന് സർക്കാർ നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി ഏകജാലക ക്ലീയറൻസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. പരമ്പരാഗത വ്യവസായങ്ങളുടെ വികസന ത്തിനായി 'ബാബാ സാഹേബ് അംബേദ്ക്കർ ഹസ്ത, ശിൽപവികാസ് യോജന, അർബൻ ഹാത്ത് ദീൻദയാൽ കൈത്തറി വികസന പദ്ധതി' എന്നീ കേന്ദ്രാ വിഷ്കൃത പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ ഡിസൈൻ ആന്റ് ടെക്നോളജി അപ്ഗ്രഡേഷൻ,

LIBRARY ARCHIVES Kerala Legislative Assembly